

# ഒരുമിച്ചു ചേർന്നുള്ള ഹൃദയങ്ങൾ വേർപെടുമ്പോൾ...

മരണം കൊണ്ടുമാത്രം വേർപിരിയേണ്ടവർ ജീവിതത്തിന്റെ പൊതുവഴിത്താരയിൽ എവിടെയോ വെച്ച്എന്തിനോവേണ്ടി വേർപിരിഞ്ഞുപോകുന്നു. പ്രാർത്ഥനാ നിർഭരമായ ആരാധനാലയങ്ങളിൽ തുടങ്ങുന്ന ജിവിതം വിലാപവിഹ്വലമായ കോടതിമുറികൾക്കുള്ളിൽ അവസാനിക്കുന്നു.

കേരളത്തിൽ വിവാഹമോചനം ആശങ്കാജനകമാം വിധം വർദ്ധിച്ചുവരുകയാണ്. ബാല്യം മുതൽ ഒന്നിച്ചുകളിച്ചു വളർന്നു വിവാഹത്തിലെത്തിയ ബന്ധങ്ങൾ, പ്രവർത്തനമേഖലയിലെ വ്യക്തിവൈശിഷ്ട്യത്താൽ ആകൃഷ്ടമായി പടുത്തുയർത്തിയ വിവാഹബന്ധങ്ങൾ, രക്ഷിതാക്കൾ ആലോചിച്ചുറച്ച് കരുപ്പിടിപ്പിച്ചു നൽകിയ വിവാഹബന്ധങ്ങൾ-എല്ലാം, എല്ലാം പെട്ടെന്ന് ഒരുനിമിഷം കൊണ്ട് പൊട്ടിച്ചെറിയപ്പെടുന്നു.

വിവാഹബന്ധങ്ങളുടെ ഈ ശൈഥില്യം ആ വ്യക്തികളുടെ മാത്രം പ്രശ്നമായി കരുതി അവഗണിക്കാനാവില്ല. ഭാര്യാഭർത്താക്കന്മാരുടെ അനവസരത്തിലെ വേർപിരിയലുകൾ നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവിയേയും ഭാരതീയ കുടുംബസങ്കല്പത്തെയും സാമൂഹിക ഭദ്രതയേയും ദുർബലമാക്കി തകർക്കുന്നു.

### ഉന്നതർ മുതൽ സാധാരണക്കാർ വരെ

രണ്ടുപതിറ്റാണ്ട് മുമ്പുവരെ കേരളത്തിൽ വിവാഹമോചന ക്കേസ്സുകൾ വളരെ കുറവായി രുന്നു. അതിനുശേഷം ഇക്കാര്യ ത്തിൽ വൻതോതിലുള്ള വർദ്ധന യാണ് ഉണ്ടായിട്ടുള്ളത്.

വിവാഹമോചനം തേടുന്നവ രിൽ വലുപ്പച്ചെറുപ്പഭേദമില്ല. സമൂ ഹത്തിന്റെ ഉന്നതസ്ഥാനത്തുള്ളവർ മുതൽ സാധാരണക്കാർ വരെ, ദരിദ്രർ മുതൽ ധനികർ വരെയു ണ്ട്. കേരളത്തിൽ അടുത്തകാല ത്ത് ഒട്ടേറെ ചർച്ചയായ വിവാഹ മോചനക്കേസ്സുകളിൽ പ്രശസ്ത ചലച്ചിത്രതാരങ്ങളും ഉന്നത ബിസി നസ്സുകാരും ഉൾപ്പെട്ടിട്ടുണ്ട്. ഉന്നത നിലയിലുള്ളവരുടെ വേർപിരിയ ലുകൾ മാത്രം പത്ര മാധ്യമങ്ങളിൽ പ്രധാന വാർത്തകളാകുന്നു. ടെലിവിഷൻ ചാനലുകൾ ചർച്ചാ സമയം മുഴുവനും ഇതിനായി മാറ്റിവെയ്ക്കുന്നു.

അതേസമയം കോടതികളിൽ പോലും എത്താതെ വീടുകളിലും സാമൂഹിക/ സാമുദായിക സംഘ ടനകളിലും വെച്ച് വേർപിരിയുന്ന ബന്ധങ്ങൾ അതിലേറെ ഉണ്ടാകും. കവലകളിലേയും ചന്തകളിലേയും ചർച്ചകളിൽ അവ അവസാനി ക്കുന്നു.

### 28 കോടതികൾ; പതിനായിര ക്കണക്കിന് കേസ്സുകൾ

കേരളത്തിൽ വിവാഹവുമായി ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം ചെയ്യുവാൻ 28 കുടുംബകോടതി കളുണ്ട്. ഇവിടെ എഴുപതിനായിര ത്തോളം കേസ്സുകൾ തീർപ്പാക്കാ തെ കിടക്കുന്നതായാണ് കണക്കു കൾ കാണിക്കുന്നത്.ഇവയിൽ 18,500 എണ്ണം വിവാഹമോചന ക്കേസ്സുകളാണ്. മറ്റുള്ളവ വിവാഹ വുമായി ബന്ധപ്പെട്ട ഇതര പരാതി കളാണ്.

അന്തിമഘട്ടത്തിൽ വിവാഹ മോചനത്തിൽ വന്നെത്തിയേക്കാ വുന്ന ഒട്ടേറെ കേസ്സുകൾ ഇവയി ലും ഉണ്ടാകാം. കോടതികളിൽ എത്താത്ത കേസ്സുകളുടെ കണ ക്കുകൾ ഒരുപക്ഷേ, ഇത്രത്തോ ളമോ ഇതിലധികമോ ഉണ്ടാകാം.


പുതിയ കണക്കുകൾ പ്രകാരം കേരളത്തിൽ ഏറ്റവും കൂടുതൽ പേർ വിവാഹമോചനത്തിന് ഒരുങ്ങുന്നത് തിരുവനന്തപുരം ജില്ലയിലാണ്. നഗരങ്ങളുടെ കണ ക്കെടുത്താൽ മുന്നിലെത്തുന്നത് എറണാകുളമാണ്. വിവാഹമോച നത്തിന് കേസ്സുകൊടുത്ത് കാത്തി രിക്കുന്നവരുടെ ജില്ലതിരിച്ചുള്ള കണക്ക് നോക്കുക.

| | |
|---|---|
| തിരുവനന്തപുരം | 2744 |
| എറണാകുളം | 2215 |
| കൊല്ലം | 055 |
| തൃശൂർ | 1894 |
| ആലപ്പുഴ | 1748 |
| കോട്ടയം | 1300 |
| കോഴിക്കോട് | 1230 |
| പത്തനംതിട്ട | 1192 |
| കണ്ണൂർ | 1161 |
| പാലക്കാട് | 1096 |



സന്ധ്യാറാണി. എൽ
Child and Family Counsellor
Consolace Counselling Services
നന്തൻകോട്, തിരുവനന്തപുരം
mob. 9387613503
www.consolace.com

**പ്രാർത്ഥനാ നിർഭരമായ ആരാധനാലയങ്ങളിൽ തുടങ്ങുന്ന ജീവിതം വിലാപവിഹ്വലമായ കോടതിമുറികൾക്കുള്ളിൽ അവസാനിക്കുന്നു. ഭാര്യാഭർത്താക്കന്മാരുടെ അനവസരത്തിലെ വേർ പിരിയലുകൾ നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവിയേയും ഭാരതീയ കുടുംബസങ്കല്പത്തെയും സാമൂഹിക ഭദ്രതയേയും ദുർബലമാക്കി തകർക്കുന്നു.**



| | |
|---|---|
| മലപ്പുറം | 671 |
| ഇടുക്കി | 546 |
| കാസർകോട് | 408 |
| വയനാട് | 240 |

കുടുംബ കോടതികളുടെ വാതായനങ്ങളിലൂടെ പുറത്തിറങ്ങി ജീവിതത്തിന്റെ വേറിട്ട വഴികളിലേക്ക് വേർപിരിയുന്നവരുടെ എണ്ണം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ കേരളത്തിലാണ്. ഉന്നതവിദ്യാഭ്യാസവും ഉയർന്ന വ്യക്തിവൈഭവവും ഉണ്ടെങ്കിലും പ്രശ്നങ്ങളെ സധൈര്യം നേരിടുവാനുള്ള ആത്മവിശ്വാസത്തിന്റെ കാര്യത്തിൽ കേരളീയർ പിന്നിലാണോ എന്ന സംശയം ഇത് ഉയർത്തുന്നു.

## മാറുന്ന കുടുംബ ബന്ധങ്ങൾ; സങ്കല്പങ്ങൾ

'ദൈവത്തിന്റെ സ്വന്തം നാട്' എന്നു വിഖ്യാതമായ കേരളത്തിൽ കുടുംബസങ്കല്പങ്ങൾക്കും വിവാഹബന്ധങ്ങൾക്കും വലിയ മഹത്വം കല്പിച്ചുവരുന്നു. എന്നാൽ മാറിയ സാമൂഹിക സാഹചര്യങ്ങളും കൂട്ടുകുടുംബത്തിൽ നിന്ന് അണുകുടുംബത്തിലേക്കുള്ള പരിണാമവുമൊക്കെ നമ്മുടെ കുടുംബ/ വിവാഹബന്ധങ്ങളിൽ സമൂലമായ മാറ്റങ്ങൾവരുത്തി.

അമ്മൂമ്മയും അപ്പൂപ്പനും അമ്മാമനും ഉൾപ്പെടെ ഒട്ടേറെ അംഗങ്ങളുണ്ടായിരുന്ന കൂട്ടുകുടുംബങ്ങളിൽ മുതിർന്നവർക്ക് മറ്റുള്ളവരോട് അതിരറ്റ വാത്സല്യവും അവർക്ക് തിരികെ ആഴത്തിലുള്ള സ്നേഹവും ഉണ്ടായിരുന്നു. ഏതൊരു അംഗത്തിന്റെ എന്തു പ്രശ്നവും കുടുംബാംഗങ്ങൾ പരസ്പരം അറിഞ്ഞും പറഞ്ഞും കേട്ട് പരിഹരിച്ചിരുന്നു.

അതിലൂടെ ആത്മാർത്ഥതയും അർപ്പണ മനോഭാവവും ത്യാഗസന്നദ്ധതയും സഹനശക്തിയും ഓരോ വ്യക്തിയുടെയുംഗുണവിശേഷങ്ങളായി വളർന്നു. അതുകൊണ്ടുതന്നെ ഭാര്യയും ഭർത്താവും മാതാപിതാക്കളും മക്കളും തമ്മിൽ അഭേദ്യമായൊരു വൈകാരിക ബന്ധം ഉണ്ടായിരുന്നു.

അച്ഛനും അമ്മയും ഒന്നോ രണ്ടോ കുട്ടികളും ഉള്ള ഇന്നത്തെ അണുകുടുംബങ്ങളുടെ അവസ്ഥ ഇതല്ല. ഇവിടെ ഓരോരുത്തരും അവരുടെ ലോകത്താണ്. അവർക്ക് പരസ്പരം സംസാരിക്കുവാൻ പോലും സമയമില്ല. അച്ഛൻ എപ്പോഴും ബിസിനസ്സ് തിരക്കിലും പലപ്പോഴും വിദേശത്തുമാണ്. സർക്കാർ ഉദ്യോഗസ്ഥയായ അമ്മ ജോലിഭാരംകൊണ്ട് തല നിവർത്താനാകാതെ നടക്കുന്നു. ഏക മകൾ ആണെങ്കിൽ ഇന്റർനെറ്റിന്റെ മാസ്മരികലോകത്തും.

ഇവിടെ കുടുംബം എന്ന സങ്കല്പത്തിന് സ്ഥാനമെവിടെ? ഇവിടെ ദാമ്പത്യബന്ധത്തിന്റെ നൈർമല്യം എവിടെ? ഇവർക്കിടയിൽ ഒരു അമ്മായിയമ്മ കൂടെ ഉണ്ടെങ്കിൽ അവർ 'മന്ഥര'യായി കുടുംബ പ്രശ്നങ്ങൾ ഉയർത്തുന്നു. പ്രായം ചെന്ന മാതാവോ പിതാവോ ഉണ്ടെങ്കിലോ അവർ 'ഒരു പൊതു ശല്യമായി' മാറുന്നു.

ഈ സാഹചര്യത്തിലാണ് ഗുരുതരമായ പ്രശ്നങ്ങൾ പലതും തലപൊക്കുന്നത്. അവയുടെ അനന്തര ഫലം വൈവാഹികബന്ധങ്ങളുടെ വേർപിരിയൽ, ആത്മഹത്യ പോലുള്ള സാമൂഹിക വിപത്തുകളാണ്.

## കാര്യങ്ങൾ: കാരണങ്ങൾ

മനോവിജ്ഞാനികളും സാമൂഹിക ശാസ്ത്രജ്ഞരും നിയമജ്ഞരുമൊക്കെ വിവാഹമോചനത്തിന് ഒട്ടേറെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. വ്യത്യസ്തവും സങ്കീർണ്ണവുമാണ് ദമ്പതികളെ വിവാഹമോചനത്തിലേക്ക് തള്ളിവിടുന്നതിനുപിന്നിലുള്ള കാരണങ്ങൾ. ദാമ്പത്യ വൈകല്യങ്ങൾ, വ്യക്തിപരമായ പ്രശ്നങ്ങൾ, വൈയക്തികമായ അനുഭവങ്ങൾ എന്നിവയിൽ അധിഷ്ഠിതമായ കാരണങ്ങൾ ഓരോ ദമ്പതിമാരിലും വ്യത്യസ്തമായിരിക്കും. വ്യത്യസ്ത പശ്ചാത്തലത്തിൽ വിവാഹബന്ധങ്ങളെ ശിഥിലമാക്കി വിവാഹമോചനത്തിലേക്ക് തള്ളിവിടുന്ന കാരണങ്ങളിൽ ചിലത് നോക്കുക.

- മാറിമറിയുന്ന കുടുംബ സങ്കല്പങ്ങൾ
- ദാമ്പത്യജീവിതത്തിലെ അർപ്പണ മനോഭാവരാഹിത്യം
- ലൈംഗികമായ പൊരുത്തക്കേടുകൾ
- ശാരീരികവും മാനസികവും വൈകാരികവുമായ ദുഷ്ചെയ്തികൾ
- ഇണയോടു കാണിക്കുന്ന വിശ്വാസവഞ്ചനയും കാപട്യവും
- ശരിയായ ആശയവിനിമയം ഇല്ലായ്മ
- അധാർമ്മികമായ പ്രവൃത്തികൾ
- ധനദുർവിനിയോഗവും ധൂർത്തും
- സ്ഥിരമായ അമിതമദ്യപാനവും മയക്കുമരുന്ന് സേവയും
- ഗാർഹിക പ്രശ്നങ്ങൾ ശരിയായി കൈകാര്യം ചെയ്യുവാനുള്ള കഴിവില്ലായ്മ
- ഗാർഹിക കാര്യങ്ങളിലും സാമ്പത്തിക പ്രശ്നങ്ങളിലുമുള്ള വ്യത്യസ്ത കാഴ്ചപ്പാട്
- പരസ്പരം വിശ്വാസമില്ലായ്മ
- ശാരീരിക മാനസിക പൊരുത്തക്കേടുകൾ
- അവിഹിതബന്ധങ്ങൾ
- മാനസിക അസ്ഥിരതയും വൈകല്യങ്ങളും രോഗങ്ങളും

ഇങ്ങനെ നീളുന്നു ഈ പട്ടിക

## ദാമ്പത്യബന്ധം ആനന്ദകരമാക്കാൻ

വൈവാഹിക ബന്ധങ്ങൾ ആദ്യത്തെ ഏഴുവർഷത്തെ ആനന്ദത്തിനുശേഷം ഒരു അസാധാരണ മരവിപ്പിലേക്കുവഴി മാറുന്നതായി പഠനങ്ങൾ കാണിക്കുന്നു. പിന്നീട് ദമ്പതികളുടെ മുന്നിൽ തെളിയുന്നത് പ്രധാനമായും രണ്ടുവഴികളാണ്. പരസ്പരം അഡ്ജസ്റ്റു ചെയ്തു ജീവിക്കൽ അല്ലെങ്കിൽ തമ്മിൽ വേർപിരിയൽ. മുൻകാലത്തെ വിവാഹമോചനകേസ്സുകൾ





പരിശോധിച്ചാൽ പലതും ഏഴു വർഷങ്ങൾക്കു ശേഷമുള്ളതായി രുന്നു. എന്നാൽ ഇപ്പോൾ ആകാല പരിധി അഞ്ചുവർഷമായി കുറഞ്ഞ തായി കാണുന്നു. കേരളത്തിലെ പുതിയ കേസ്സുകളിലധികവും വിവാഹം കഴിഞ്ഞ് അഞ്ചുവർ ഷത്തിനിടയിലുള്ളതാണ്.

തിരക്കേറിയ ജീവിതത്തിനിട യിൽ നമുക്ക് നഷ്ടപ്പെട്ടുപോകുന്ന അഥവാ നാം ഉപേക്ഷിച്ചുപോകുന്ന ചെറിയചെറിയ കാര്യങ്ങളാണ് പിൽക്കാലത്ത് ദാമ്പത്യജീവിതത്തെ വളരെ ദുഷ്ക്കരം ആക്കിമാറ്റുന്നത്. വിവാഹജീവിതം പ്രശ്നരഹിതവും നിത്യാനന്ദകരവുമാക്കാൻ ബോധ പൂർവ്വമുള്ള ചില ചിന്തകളും പ്രവൃത്തികളും ആവശ്യമാണ്. ജീവിതചര്യയിൽ ഇടയ്ക്കിടെ മാറ്റങ്ങൾ വരുത്തുക

- വല്ലപ്പോഴും ഭക്ഷണം പുറത്തുള്ള ഒരു റസ്റ്റോറന്റിൽ ആക്കുക
- ഒഴിവുകാലങ്ങളിൽ വീട്ടിൽ ചടഞ്ഞിരിക്കാതെ ചെറുയാത്രകൾ ചെയ്യുക
- ഗാർഹികവും ഇതരവുമായ എല്ലാകാര്യങ്ങളും പരസ്പരം തുറന്നു സംസാരിക്കുക
- സംഭാഷണത്തിൽ ബോധപൂർവ്വം കളിതമാശകൾ ഉൾപ്പെടുത്തുക
- സംഭാഷണമോ പെരുമാറ്റമോ പങ്കാളിയെ വേദനിപ്പിച്ചാൽ പിൻവ ലിച്ച് ക്ഷമ പറയുക
- തിരക്കിനിടയിലും സല്ലാപത്തിനും സ്വകാര്യ സംഭാഷണത്തിനും സമയം കണ്ടെത്തുക
- വീട്ടിൽ ഒരു നേരമെങ്കിലും ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുക
- എപ്പോഴും പോസിറ്റീവായി ചിന്തിക്കുക, പ്രവൃത്തികളിൽ സന്തോഷം കണ്ടെത്തുക
- കഴിവുകളേയും കുറവുകളേയും പരസ്പരം മനസ്സിലാക്കി അംഗീ കരിക്കുക
- പരസ്പരവിശ്വാസം ഊട്ടിയുറപ്പിക്കുക
- ആത്മവഞ്ചന ചെയ്യാതിരിക്കുക
- പ്രവൃത്തികളിലും പ്രതീക്ഷകളിലും ശുഭാപ്തിവിശ്വാസം പുലർത്തുക
- പര സ്ത്രീ-പുരുഷ ബന്ധങ്ങൾക്ക് ജീവിതത്തിൽ ഇടം കൊടുക്കാ തിരിക്കുക

### ഒരുമിച്ചു ചുവടുവയ്ക്കാൻ കഴിയില്ലെങ്കിൽ പിരിയാം!

ഇനി ഒരു ചുവടുപോലും ഒരു മിച്ചു മുന്നോട്ടുപോകാൻ കഴിയി ല്ലെന്ന് പരസ്പരം തിരിച്ചറിയുന്ന വർക്ക് തമ്മിൽ വേർപിരിയാം. അതിന് നിയമത്തിന്റെ പിൻബല മുണ്ട്. വിവാഹിതരുടെ പരസ്പര സമ്മതത്തോടെയുള്ള നിയമപര മായ വേർപിരിയലാണ് വിവാഹ മോചനം (Divorce). വ്യത്യസ്ത വിവാഹാചാരങ്ങളുള്ള വിവിധ മതവിശ്വാസികളുടെ രാജ്യമാണ് ഇന്ത്യ. ഇവിടെ വിവാഹമോചന ത്തിനും പ്രത്യേക നിയമങ്ങളുണ്ട്. Hindu Marriage Act 1955, Special Marriage Act 1956, Foreign Marriage Act 1969 എന്നിവയാ ണവ. നിയമപരമായ പരിരക്ഷ 'പൊരുത്തമില്ലാത്ത'വരുടെ വേർ പിരിയലിന്, വ്യക്തിയുടെ അവ കാശം എന്ന പരിവേഷം വന്നിട്ടുണ്ട്.

### അതിനുമുമ്പ് ഒരു പരിചിന്തനം കൂടി

ഏതൊരു പ്രശ്നവും ശരിയായ വിധത്തിൽ അപഗ്രഥിച്ച് നോക്കു മ്പോൾ സ്വാഭാവികമായും പരിഹാ രമാർഗ്ഗങ്ങൾ തെളിഞ്ഞുവരും. അതിനു നമുക്ക് കഴിയാതെ വരു മ്പോഴാണ് ഒരു പക്ഷേ, നാം വിപ രീത തീരുമാനങ്ങളെടുക്കുന്നത്. നമ്മുടെ പ്രശ്നങ്ങൾ അനുഭാവപൂ ർവ്വം കേൾക്കാൻ, ഒരു പരിഹാരം നിർദ്ദേശിക്കുവാൻ ഒരു പ്രൊഫ ഷണലിന്റെ സഹായം തേടിക്കൂടെ? അതിനുശേഷം നിങ്ങളുടെ കാര്യ ത്തിൽ നിങ്ങൾക്കുതന്നെ തീരു മാനം എടുക്കാം.